"എന്നാൽ മുൻ സർക്കാർ തുടങ്ങിവച്ച വികസന പ്രവർത്തനങ്ങൾ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തൃപ്തികരമായി മുന്നോട്ട് കൊണ്ടുപോകാത്തതായി പറയപ്പെടുന്നതിനെക്കുറിച്ചും അടിസ്ഥാന സൗകര്യ മേഖലയിൽ ആരംഭിച്ച പദ്ധതികൾ നിർത്തി വയ്ക്കുന്നതിനുള്ളതായി പറയപ്പെടുന്ന ശ്രമത്തെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, 10-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ പിന്നോക്കസമുദായങ്ങൾക്ക് ഗവൺമെന്റ് അനുവദിച്ച കോളേജുകളുടെ പ്രവർത്തനം തടസ്സപ്പെടുത്താനും അംഗപരിമിതർക്കുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകിയത് നിർത്തലാക്കാനും ഇപ്പോഴത്തെ ഗവൺമെന്റ് കൈക്കൊണ്ടതായി പറയപ്പെടുന്ന നടപടികൾമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, 11-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ കേന്ദ്ര സിവിൽ ഏവിയേഷൻ നയത്തിൽ കേരളം ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയിട്ടും ഗൾഫ് രാജ്യങ്ങളിലേക്കുള്ള എയർ കേരള സർവ്വീസ് തുടങ്ങാൻ നടപടി സ്വീകരിക്കുന്ന കാര്യം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, 12-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ തെരഞ്ഞെടുപ്പിനെ തുടർന്ന് സംസ്ഥാനത്ത് വ്യാപകമായും കണ്ണൂരിൽ പ്രത്യേകിച്ചും, പ്രതിപക്ഷ പാർട്ടി പ്രവർത്തകരെ ആക്രമിക്കാനും പാർട്ടി ഓഫീസ് തകർക്കാനും കലാ-സാംസ്കാരിക സ്ഥാപനങ്ങൾ ആക്രമിക്കാനും നടന്നുവരുന്നതായി പറയപ്പെടുന്ന ശ്രമങ്ങളെ നിയന്ത്രിക്കാനും എല്ലാവർക്കും തുല്യ നീതി ഉറപ്പുവരുത്താനും പോലീസിന് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പരാജയം സംബന്ധിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചു കാണാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, 13-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.